**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2703** **14-09-2023 - ൽ മറുപടിയ്ക്ക്**

**സംയോജിത ചരക്ക് സേവന നികുതിയും 3 ബി റിട്ടേൺ ഫയലിങ്ങും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഐ.ജി.എസ്.ടി. ആക്റ്റ്, 2017 സെക്ഷൻ 17 (1) എ, ബി, സി, ഡി, ഇ, എഫ്, സെക്ഷൻ 10 എന്നിവ അനുസരിച്ച് സംസ്ഥാനത്തിന് അകത്തേക്ക് വരുന്ന ചരക്കുകൾക്കും സേവനങ്ങൾക്കും മേൽ ചുമത്തുന്ന സംയോജിത ചരക്ക് സേവന നികുതി വിഹിതം വാങ്ങുന്ന സ്ഥാപനങ്ങളും വ്യക്തികളും 3 ബി റിട്ടേൺ കൃത്യമായി രേഖപ്പെടുത്താത്തത് മൂലം സംസ്ഥാനത്തിന് അർഹമായ 50 ശതമാനം ഐ.ജി.എസ്.ടി. നഷ്ടപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ജി.എസ്.ടി. റിട്ടേൺ സംവിധാനത്തിലെ അപര്യാപ്തത ജി.എസ്.ടി. യുടെ തുടക്കം മുതൽ തന്നെ പല പ്രശ്നങ്ങളും സൃഷ്ടിക്കുകയും പ്രതീക്ഷിച്ച തരത്തിലുള്ള ഐ.ജി.എസ്.ടി. വരുമാനം സംസ്ഥാനത്തിന് ലഭിക്കാത്ത സാഹചര്യം ഉണ്ടാക്കുകയും ചെയ്തു. ജി.എസ്.ടി. യുടെ തുടക്കത്തിൽ വിഭാവനം ചെയ്തിരുന്ന റിട്ടേൺ സംവിധാനം പൂർണ്ണമായും നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. ഐ.ജി.എസ്.ടി. സെറ്റിൽമെന്റുമായി ബന്ധപ്പെട്ട് കൃത്യത ഉറപ്പാക്കണമെന്ന് സംസ്ഥാനം പലതവണ ജി.എസ്.ടി. കൗൺസിലിലും കേന്ദ്ര സർക്കാരിനോടും ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനങ്ങളുടെ ആവശ്യങ്ങളെ തുടർന്ന് ജി.എസ്.ടി. റിട്ടേൺ ഫോമിൽ വേണ്ട മാറ്റങ്ങൾ വരുത്തുകയും, റിട്ടേണിലേക്കുള്ള വിവരങ്ങൾ ഓട്ടോമേറ്റഡ് ആക്കുകയും ചെയ്യുകയുണ്ടായി. ജി.എസ്.ടി. റിട്ടേൺ കൃത്യമായി എങ്ങനെ ഫയൽ ചെയ്യണം എന്നത് സംബന്ധിച്ച വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ ട്രേഡ് സർക്കുലറുകളിലൂടെ നേരത്തെ തന്നെ സംസ്ഥാന ചരക്ക സേവന നികുതി വകുപ്പ് വ്യാപാരികളെ അറിയിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് കേന്ദ്ര റവന്യൂ വകുപ്പും നിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെയെല്ലാം ഫലമായി സംസ്ഥാനത്തിന് മുൻകാലത്തെ അപേക്ഷിച്ച് ഐ.ജി.എസ്.ടി. ഇനത്തിൽ നിന്ന് കൂടുതൽ നേട്ടമുണ്ടാകും എന്നാണ് പ്രതീക്ഷിക്കുന്നത്. |
| (ബി) | ഇത്തരത്തിൽ ഇൻപുട്ട് ടാക്സ് ക്രെഡിറ് ക്രമപ്രകാരം നടത്താത്തതിനാൽ ജി.എസ്.ടി. വകുപ്പ് നടപടികൾ സ്വീകരിച്ച എത്ര സ്ഥാപനങ്ങൾ ഉണ്ടെന്നും അവ ഏതെല്ലാമെന്നും വിശദമാക്കാമോ; | (ബി) | ജി.എസ്.ടി വകുപ്പിന്റെ വിവിധ വിഭാഗങ്ങൾ അനർഹമായ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ഉപയോഗപ്പെടുത്തിയ നികുതിദായകരെ കണ്ടെത്തി തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. ഇത്തരത്തിൽ നടപടി സ്വീകരിച്ചുവരുന്ന 1761 സ്ഥാപനങ്ങളാണ് ഉള്ളത്. |

| | | | |
|---|---|---|---|
| (സി) | ഇത്തരത്തിൽ സ്ഥാപനങ്ങൾ/വ്യക്തികൾ 3 ബി റിട്ടേണുകളിൽ കൃത്യമായി രേഖപ്പെടുത്തുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തുവാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; പ്രസ്തുത നടപടികൾ ആരംഭിച്ച തീയതി വ്യക്തമാക്കാമോ; ഇത്തരം ക്രമരഹിതമായ റിട്ടേൺ ഫയലിങ്ങ് മൂലം 2017 ജൂലൈ മുതൽ 2022 മാർച്ച് 31 വരെ സംസ്ഥാനത്തിന് അർഹമായതും നഷ്ടപ്പെട്ടതുമായ ഐ.ജി.എസ്.ടി. വിഹിതത്തിന്റെ കണക്ക് ലഭ്യമാക്കാമോ; | (സി) | ജി.എസ്.ടി റിട്ടേണുകളായ FORM GSTR -3B, FORM GSTR – 2A, FORM GSTR - 2B എന്നിവ സൂക്ഷ്മ പരിശോധന നടത്തിയാണ് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ക്രമപ്രകാരം നടത്താത്ത സ്ഥാപനങ്ങളെ കണ്ടെത്തുന്നത്. ഇത്തരത്തിൽ കണ്ടെത്തുന്ന നികുതിദായകരെ നേരിട്ട് ഫോൺ മുഖേനെയും ഇ-മെയിൽ വഴിയും ബന്ധപ്പെട്ട് അർഹതയില്ലാത്ത ഇൻപുട്ട് ടാക്സ് റിവേഴ്സ് ചെയ്യേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുകയും നികുതിദായകരെ കൊണ്ട് അവർക്കർഹമല്ലാത്ത ഇൻപുട്ട് ടാക്സ് FORM GSTR-3B റിട്ടേൺ വഴി റിവേഴ്സ് ചെയ്യിക്കുകയും ചെയ്തുവരുന്നു. ടാക്സ് പേയർ സർവ്വീസ് സർക്കിളുകളുടെ പ്രതിദിന ജോലിയുടെ ഭാഗമായി 2017-18 മുതലുള്ള റിട്ടേണുകൾ സൂക്ഷ്മ പരിശോധന നടത്തിവരുന്നു. ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് സംബന്ധിച്ച വിവരങ്ങൾ കൃത്യമായി കാണിച്ച് റിട്ടേണുകൾ ഫയൽ ചെയ്യുന്നതുമായി ബന്ധപ്പെട്ട് 16/6/2020 ലെ 6/2020 എന്ന സർക്കുലർ പ്രകാരവും 21/11/2022ലെ 1/2022 എന്ന ട്രേഡ് സർക്കുലർ പ്രകാരവും നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ഇൻപുട്ട് ടാക്സ് റിവേഴ്സലുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി 2023 മെയ് മാസത്തിൽ ഐ.ജി.എസ്.ടി. ടാസ്ക് ഫോഴ്സിന്റെ പ്രവർത്തനം വകുപ്പിൽ ആരംഭിച്ചു.<br><br>സംയോജിത ചരക്കു സേവന നികുതി നിയമം 2017 പ്രകാരം, ചരക്കുകളുടെയോ സേവനങ്ങളുടെയോ അന്തർ സംസ്ഥാന വിതരണത്തിന്മേൽ ചുമത്തുന്ന നികുതിയാണ് ഐ.ജി.എസ്.ടി. നികുതി ദായകൻ ഫയൽ ചെയ്യുന്ന ജി.എസ്.ടി. റിട്ടേണിൽ സംസ്ഥാന നികുതി (എസ്.ജി.എസ്.ടി.) അടയ്ക്കുന്നതിനായി ഐ.ജി.എസ്.ടി. ക്രെഡിറ്റ് എത്ര ഉപയോഗിക്കുന്നുവോ, ആയതിനു തുല്യമായ തുക കേന്ദ്ര ഗവൺമെന്റ് സംസ്ഥാന ഗവൺമെന്റിന്റെ അക്കൗണ്ടിലേക്ക് കൈമാറുന്നു. Goods and Services Tax Settlement of Fund Rules, 2017 എന്ന ചട്ട പ്രകാരം ഇത് നടക്കുന്നു. സപ്ലൈ നൽകുന്ന വ്യക്തി സ്വന്തം സംസ്ഥാനത്ത് റിട്ടേൺ ഫയൽ ചെയ്ത് നികുതി അടയ്ക്കുകയും, പ്രസ്തുത സപ്ലൈ ലഭിക്കുന്ന സംസ്ഥാനത്തെ രജിസ്റ്റേർഡ് വ്യക്തി റിട്ടേൺ ഫയലിംഗ് സമയത്ത് ഇൻവോയ്സിന് അനുസൃതമായി നൽകിയ ഐ.ജി.എസ്.ടി. തുക ഇൻപുട്ട് ടാക്സ് ക്രെഡിറ്റായി എടുത്ത് എസ്.ജി.എസ്.ടി ഒടുക്കുകയും ചെയ്യുമ്പോൾ, സപ്ലൈയറുടെ സംസ്ഥാനത്ത് നിന്നും ഐ.ജി.എസ്.ടി. അടച്ച തുക ഉപഭോക്തൃ സംസ്ഥാനത്തേക്ക് സെറ്റിൽ |

ചെയ്യപ്പെടുന്നു. ഐ.ജി.എസ്.ടി. സെറ്റിൽമെന്റ് എന്നത് നികുതിദായകർ റിട്ടേൺ ഫയൽ ചെയ്യുന്നതിന് അനുസൃതമായി ഓട്ടോമാറ്റിക്കായി സംഭവിക്കുന്നതാണ്.

ജി.എസ്.ടി.ആർ 3 ബി റിട്ടേണിലെ ടേബിൾ 4 ൽ (4എ, 4ബി, 4സി & 4ഡി) നികുതിദായകർ തന്റെ ഇൻപുട്ട് ടാക്സ് സംബന്ധിച്ച വിവരങ്ങൾ കൃത്യമായി കാണിക്കേണ്ടതുണ്ട്. എന്നാൽ ടേബിൾ 4എ യിൽ ഓട്ടോ പോപ്പുലേറ്റഡ് ആയി വരുന്ന ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് തുകയിൽ നിന്നും അനർഹമായ ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ തുക എഡിറ്റ് ചെയ്ത് കുറച്ചുകാണിക്കുന്നത് സംസ്ഥാനങ്ങൾക്ക് അർഹമായ തുക തെറ്റായി സെറ്റിൽ ചെയ്യുന്നതിന് കാരണമാകുന്നു. കൂടാതെ, അയോഗ്യമായ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് തുക ടേബിൾ 4ബി യിൽ കാണിക്കാതിരിക്കുക എന്നത് അനർഹമായ ഇൻപുട്ട് ടാക്സിന്റെ തെറ്റായ ഉപയോഗത്തിന് കാരണമാകുന്നു. ആയതിനാൽ ഇൻപുട്ട് ടാക്സ് സംബന്ധിച്ച കൃത്യമായ വിവരങ്ങൾ റിട്ടേണിൽ ലഭ്യമാകാത്ത സാഹചര്യത്തിൽ ക്രമരഹിതമായ റിട്ടേൺ ഫയലിംഗ് മൂലം സംസ്ഥാനത്തിന് നഷ്ടമായ ഐ.ജി.എസ്.ടി. വിഹിതത്തിന്റെ കണക്ക് ലഭ്യമാവുകയില്ല. എന്നാൽ അനർഹമായ ഇൻപുട്ട് ടാക്സ് പ്രയോജനപ്പെടുത്തിയിട്ടുള്ള കേസുകൾ റിട്ടേൺ സ്ക്രൂട്ടിണിയിലൂടെയും ഇന്റലിജൻസ് നടപടികളിലൂടെയും കണ്ടെത്തി തുടർനടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

2017 ജൂലൈ മുതൽ 2022 മാർച്ച് 31 വരെ ഐ.ജി.എസ്.ടി ഇനത്തിൽ സംസ്ഥാനത്തിന് ലഭിച്ച വരുമാനത്തിന്റെ വിവരം അനുബന്ധമായി ചേർക്കുന്നു.

സംസ്ഥാനങ്ങളുടെ ആവശ്യങ്ങളെ തുടർന്ന് ജി.എസ്.ടി. റിട്ടേൺ ഫോമിൽ വേണ്ട മാറ്റങ്ങൾ വരുത്തുകയും, റിട്ടേണിലേക്കുള്ള വിവരങ്ങൾ ഓട്ടോമേറ്റഡ് ആക്കുകയും ചെയ്യുകയുണ്ടായി. നിലവിലെ നിയമം അനുസരിച്ച് ഐ.ജി.എസ്.ടി. സെറ്റിൽമെന്റ് സംവിധാനം സുഗമമായി നടക്കുന്നുണ്ട്. ഇത്തരം സെറ്റിൽമെന്റ് മുഖേന സംസ്ഥാനത്തിന് എല്ലാ മാസവും തുക ലഭിക്കുന്നുണ്ട്. ജി.എസ്.ടി. റിട്ടേൺ കൃത്യമായി എങ്ങനെ ഫയൽ ചെയ്യണം എന്നത് സംബന്ധിച്ച വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ ട്രേഡ് സർക്കുലറുകളിലൂടെ നേരത്തെ തന്നെ സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ് വ്യാപാരികളെ അറിയിച്ചിട്ടുണ്ട്. ഇത്

| | | | |
|---|---|---|---|
| | | | സംബന്ധിച്ച് കേന്ദ്ര റവന്യൂ വകുപ്പും നിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഡി) | ഇത്തരത്തിൽ രാജ്യത്തിന് പുറത്ത് നിന്നോ സംസ്ഥാനത്തിന് പുറത്ത് നിന്നോ സാധനങ്ങളോ സേവനങ്ങളോ വൻതോതിൽ കൊണ്ട് വന്ന് ജി.എസ്.ടി. രഹിത ഉൽപന്നമാക്കി വിപണനം ചെയ്യുന്നവർ അല്ലെങ്കിൽ കോമ്പോസിഷൻ നിരക്കിൽ നികുതി അടക്കുന്ന വ്യാപാരികൾ/സ്ഥാപനങ്ങൾ എന്നിവർക്കായി 3 ബി റിട്ടേണുകൾ ഫയൽ ചെയ്യുന്നതിന് പ്രത്യേക പരിശീലനം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ? | (ഡി) | നികുതിദായകർക്ക് 'റിവേഴ്സൽ ഓഫ് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ്' എന്ന വിഷയത്തിൽ 2023 സെപ്റ്റംബർ മുതൽ നവംബർ വരെ നീളുന്ന ഓൺലൈൻ പരിശീലനം നടത്തുവാൻ വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

2017 ജൂലൈ മുതൽ 2022 മാർച്ച് 31 വരെ ഐ.ജി.എസ്.ടി ഇനത്തിൽ സംസ്ഥാനത്തിന് ലഭിച്ച വരുമാനത്തിന്റെ വിവരം

**(തുക കോടിയിൽ)**

| ഇനം | 2017 -18 (ജൂലൈ 2017 മുതൽ) | 2018-19 | 2019-20 | 2020-21 | 2021-22 |
|---|---|---|---|---|---|
| ഐ.ജി.എസ്.ടി സെറ്റിൽമെന്റ് | 6064.97 | 10114.93 | 9926.19 | 9343.07 | 12440.48 |
| ഐ.ജി.എസ്.ടി അഡ്ഹോക്ക് | 736.00 | 2734.36 | 693.52 | 1596.11 | 1657.79 |
| **ആകെ** | **6800.97** | **12849.29** | **10619.71** | **10939.18** | **14098.27** |

**സെക്ഷൻ ഓഫീസർ**